# തമിഴ്നാട് പ്രവാസികാര്യ മന്ത്രി നോർക്ക റൂട്ട്സ് ആസ്ഥാനം സന്ദർശിച്ചു

കേരള സർക്കാർ നടപ്പാക്കുന്ന പ്രവാസിക്ഷേമ പ്രവർത്തനങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിനായി തമിഴ്നാട് പ്രവാസികാര്യ-ന്യൂനപക്ഷ ക്ഷേമ മന്ത്രി കെ.എസ്.മസ്താൻ തിരുവനന്തപുരം തയ്ക്കാട് നോർക്ക സെന്റർ സന്ദർശിച്ചു. നോർക്ക പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, നോർക്ക റൂട്ട്സ് സി.ഇ.ഒ കെ.ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത് കോളശ്ശേരി എന്നിവരുടെ നേതൃത്വത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു.നോർക്ക റൂട്ട്സ് നടപ്പാക്കുന്ന പദ്ധതികളെ കുറിച്ച് ഒരു മണിക്കൂറിലേറെ ഉദ്യോഗസ്ഥരുമായി അദ്ദേഹം ചർച്ച നടത്തി. പ്രവാസി തിരിച്ചറിയൽ കാർഡുകൾ, ഇൻഷുറൻസ് പദ്ധതി, പ്രവാസി ക്ഷേമനിധി ബോർഡിന്റെ പെൻഷൻ പദ്ധതി, കോവിഡ് പശ്ചാത്തലത്തിൽ ആവിഷ്കരിച്ചു നടപ്പാക്കുന്ന പ്രവാസി ഭദ്രത അടക്കമുള്ള പുനരധിവാസ പദ്ധതികൾ, സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ, ആഗോളതൊഴിൽ വിപണിയിൽ പുതിയ സാധ്യതകൾ കണ്ടെത്താനുള്ള ശ്രമങ്ങൾ തുടങ്ങിയവയെല്ലാം മാതൃകാപരമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

വിദേശത്ത് പോകുന്നവരുടെ വിശദമായ വിവരങ്ങൾ ശേഖരിക്കുന്നത് ഏറെ ശ്രമകരമാണെന്നും പലപ്പൊഴും ബന്ധുക്കൾക്ക് പോലും വ്യക്തമായ വിവരം ലഭ്യമാകാത്ത സാഹചര്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു. വിസ തട്ടിപ്പുകൾക്കെതികരായ ബോധവത്കരണവും വളരെ പ്രാധാന്യമർഹിക്കുന്നതായി കെ.എസ്.മസ്താൻ ചൂണ്ടിക്കാട്ടി. നോർക്ക റൂട്ട്സിന്റെ ഉപഹാരം കെ.ജി.മസ്താന് സുമൻ ബില്ല കൈമാറി.